

TUESDAY 28-02-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/02/2023.

1. തുടർച്ചയായ വർഷങ്ങളിൽ പ്രതിസന്ധികൾ നേരിട്ടെങ്കിലും സംസ്ഥാനത്തെ കാർഷികമേഖലയ്ക്ക് കൈവരിക്കാനായത് ശ്രദ്ധേയമായ വളർച്ചയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. 2018 ലെ പ്രളയവും 2019 ലെ കാലാവസ്ഥാ ദുരന്തങ്ങളും തുടർന്നുണ്ടായ കോവിഡ്പ്രതിസന്ധികൾക്കും ശേഷം പുനരുജ്ജീവിച്ച കാർഷികമേഖലക്ക് 2021 - 22 കാലഘട്ടത്തിൽ 4.64% വളർച്ച കൈവരിക്കുവാനായത് ഈ മേഖലയിൽ സർക്കാർ നൽകിയ ക്രിയാത്മകമായ ഇടപെടലുകൾ കാരണമാണ്. കാർഷികോല്പന്നസംസ്കരണവും മൂല്യവർദ്ധനവും അടിസ്ഥാനമാക്കി കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ കാർഷികപ്രദർശനത്തിന്റെയും ശില്പശാലയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ആയിരുന്നു വൈഗയുടെ ഉദ്ഘാടനചടങ്ങുകൾ നടന്നത്.

2. വൈഗ 2023 ന്റെ ഭാഗമായി നടക്കുന്ന കാർഷികപ്രദർശനം കേരളം കണ്ട ഏറ്റവും മികച്ച പ്രദർശനമായി. സർക്കാർ - അർദ്ധസർക്കാർ -സ്വകാര്യസ്ഥാപനങ്ങളുടേതടക്കം 250-ലധികം സ്റ്റാളുകളാണ് വൈഗയുടെ ഭാഗമായി പുത്തരിക്കണ്ടം മൈതാനിയിൽ സജ്ജീകരിച്ചിരിക്കുന്നത്. ജമ്മു ആൻഡ് കാശ്മീർ, സിക്കിം, ഉത്തരാഖണ്ഡ്, ആന്ധ്രപ്രദേശ്, കർണാടക, തമിഴ്നാട്, ആസാം എന്നിവയുടെ സ്റ്റോളുകളും ജനപ്രിയമായി. വിവിധ സംസ്ഥാനങ്ങൾ അവരുടെ ഭൗമസൂചികഉൽപ്പന്നങ്ങൾ അടക്കം പ്രാദേശികമായിട്ടുള്ള വിഭവങ്ങളുമായിട്ടാണ് വൈഗയെ വർണ്ണാഭമാക്കുവാൻ എത്തിയിരിക്കുന്നത്. രാവിലെ 11 മുതൽ രാത്രി 10 മണിവരെയാണ് കാർഷികപ്രദർശനം നടക്കുന്നത്. രാത്രി 9 മണിവരെ പ്രവേശനപാസ് പ്രദർശനനഗരിയിൽ നിന്ന് ലഭിക്കും. മാർച്ച് രണ്ടുവരെയാണ് വൈഗ കാർഷികപ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്.

3. കാശ്മീർ താഴ്‌വരയിലെ ഭൗമസൂചികപദവിയുള്ള കുങ്കുമപ്പൂവ്, റോഡോഡെൻഡ്രോൺ എന്ന പൂവ് ചേർത്ത ഹെർബൽ ചായപ്പൊടി മാത്രമല്ല കാർഷികഉത്പന്നങ്ങളുടെ ഒരു വൻ ശേഖരവുമായി വൈഗ 2023 തിരുവനന്തപുരം പുത്തരിക്കണ്ടത്ത് വിസ്മയം സൃഷ്ടിക്കുകയാണ്. കാശ്മീർ ഉൽപ്പന്നങ്ങളെ കൂടാതെ, ആന്ധ്രപ്രദേശ്, ആസാം, സിക്കിം, തമിഴ്നാട്, കർണാടക, ഉത്തരാഖണ്ഡ് തുടങ്ങിയ

സംസ്ഥാനങ്ങളിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരള കൃഷിവകുപ്പിന്റെ വിവിധ മൂല്യവർധിത ഉത്പന്നങ്ങളും മേളയിൽ ലഭ്യമാണ്. അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള വിവിധയിനം വന ഉൽപ്പന്നങ്ങൾ മേളയുടെ പ്രധാന ആകർഷണമാണ്. പൂർണ്ണമായും വനത്തിൽ നിന്നും ശേഖരിക്കുന്ന കുരുമുളക്, ഏലം, മഞ്ഞൾ, ശുദ്ധമായ കോഫിപൗഡർ, മഞ്ഞകൂവപ്പൊടി, ചീവിക്കപൊടി, തെള്ളി (വനത്തിൽ നിന്നും ലഭിക്കുന്ന ഒരിനം കുന്തിരിക്കം), കുടംപുളി, ഇഞ്ചി, മുളയരി എന്നിവ പരിചയപ്പെടുവാനും വാങ്ങുവാനും കഴിയും. രാജ്യത്തെ ആദ്യകാർബൺ ന്യൂട്രൽ ഫാം ആയ ആലുവ സ്റ്റേറ്റ് സീഡ്ഫാമിന്റെ സ്റ്റാളിൽ നിന്നും വിവിധയിനം ജൈവകാർഷിക ഉത്പാദനോപാധികൾ ലഭിക്കും. ഗുണപജല, വെർമിവാഷ്, അമിനോഫിഷ്, മൈക്കോറൈസ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ തവിടോടുകൂടിയ പുട്ടുപൊടി, സംശുദ്ധമായ ജൈവഅരി, വെട്ടുമാങ്ങഅച്ചാർ, റാഗിപൊടി, മഞ്ഞൾപൊടി തുടങ്ങിയവ മേളയിൽ ലഭ്യമാണ്.

4. വൈഗയോടനുബന്ധിച്ച് ഇന്ന് (ഫെബ്രുവരി 28) തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടൽ സിംഫണി ഹാളിൽ ബി2ബി മീറ്റ് സംഘടിപ്പിക്കുന്നു. പുത്തരിക്കണ്ടം വൈഗ സെമിനാർ ഹാളിൽ **ഡിജിറ്റൽ കൃഷിയും ഐടി സംരംഭങ്ങളും, പഴ ഉൽപാദനത്തിലെ പുരോഗതി, സംരംഭകത്വ വികസനത്തിനായുള്ള വ്യവസായ ഇടപെടൽ, എൻആർഐയുടെ സംരംഭകത്വ വികസനം - വിജയഗാഥകൾ** എന്നീ വിഷയങ്ങളിൽ സെമിനാറുകളും സാസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

5. മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിടക്കോഴികുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻ കോഴികുഞ്ഞുങ്ങളെ 5 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ മുട്ട സർക്കാർ നിരക്കിൽ തിങ്കൾ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും **0481 2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

6. പൂന്തോട്ട സംരക്ഷകൻ (ഗാർഡൻ കീപ്പർ) എന്ന കൃഷിപാടവത്തിൽ സജ്ജരാക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം പട്ടാമ്പിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഉടൻ ആരംഭിക്കുന്നു. ഭാരത സർക്കാറിന്റെ നൈപുണ്യ വികസന പദ്ധതിയുടെ കീഴിൽ സംഘടിപ്പിക്കുന്ന

26 ദിവസം ദൈർഘ്യമുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര എജൻസി അംഗീകൃത സർട്ടിഫിക്കറ്റും പരിശീലനത്തിനുള്ള അനുബന്ധ സഹായങ്ങളും ലഭിക്കുന്നതായിരിക്കും പാലക്കാട് ജില്ലയിൽ താമസിക്കുന്ന താത്പ്പര്യമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ 18 നും 45നും മദ്ധ്യേ പ്രായമുള്ളവരും പത്താം ക്ലാസ് യോഗ്യതയുള്ളവരും ആയിരിക്കണം. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് പരിശീലനത്തിനുള്ള അഭിരുചിയും, കായികക്ഷമതയും ഇതിനായി നടത്തുന്ന പരിശോധനയിൽ ബോധ്യപ്പെടുന്ന25 പേർക്കാണ് പരിശീലനം നൽകുക. അപേക്ഷകൾ നേരിട്ടോ, തപാൽ മുഖേനയോ, kvkpalakkad@kau.in എന്ന ഇമെയിൽ മുഖാന്തിരമോ, **6282937809** എന്ന വാട്സ്ആപ്പ് മുഖേനയോ പ്രോഗ്രാം കോർഡിനേറ്റർ, കൃഷി വിജ്ഞാനകേന്ദ്രം പാലക്കാട്, മേലെ പട്ടാമ്പി (പി.ഒ) വിലാസത്തിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0466 2212279, 2912008, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച മാർച്ച് 1 മുതൽ 13 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർട്ടുമായി ക്ഷീരോൽപന്ന നിർമ്മാണ പരിശീനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഇന്ന് (ഫെബ്രുവരി 28 ന്) 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, **0471 2440911** എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക